
# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ കോക്കൂർ





# കലാദീക

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ-23-24

| |
|---|
| ജില്ല-മലപ്പുറം |
| വിദ്യാഭ്യാസ ജില്ല-തിരൂർ |
| ഉപജില്ല-എടപ്പാൾ |
| സൂപ്രണ്ട്-സുരേന്ദ്രൻ വി കെ |
| PTA വൈസ് പ്രസിഡന്റ്-സക്കീർ കൊഴിക്കര |

# ആമുഖം

2023-24അധ്യയന വർഷം കോക്കൂർ ഗവ:ടെക്നിക്കൽ ഹൈസ്കൂളിലെ പ്രവർത്തന മികവ് തെളിയിക്കുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്ന കലന്ദിക എന്ന ഡിജിറ്റൽ മാസികയുടെ പ്രസിദ്ധീകരണം എല്ലാ അർത്ഥത്തിലും സ്വാഗതാർഹവും അഭിനന്ദനാർഹവുമായ സംസ്കാരിക പ്രവർത്തനമാണ്. ഈ സ്ഥാപനത്തിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും മികച്ച രചനകൾ കൊണ്ട് സമ്പന്നമായ ഈ മാസിക അതിൻറെ സാംസ്കാരിക സമ്പന്നത കൊണ്ട് വിദ്യാർഥികളുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് വലിയൊരു മാതൃക കാണിച്ചിരിക്കുകയാണ്. ഇതിൻറെ അണിയറ പ്രവർത്തകരായ അംഗങ്ങൾ മാർഗ്ഗദർശികളായ അധ്യാപകർ രക്ഷിതാക്കൾ തുടങ്ങി എല്ലാവർക്കും ആത്മാർത്ഥമായി ആശംസകൾ നേരുന്നു.

**സുരേന്ദ്രൻ വി കെ**
**സൂപ്രണ്ട്**

# വിദ്യാലയം

വളയംകുളത്തിനടുത്ത് പാവിട്ടപ്പുറത്ത് 1984 ൽ സ്ഥാപിതം.തുടക്കം വാടകകെട്ടിടത്തിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ നന്നംമുക്ക് എന്ന പേരിൽ. 2005 ൽ കോക്കൂരിനടുത്ത് പാലച്ചുവട്ടിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു.2011 ൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്ക്കൂൾ കോക്കൂർ(GTHS കോക്കൂർ) എന്ന പേരിൽ പുനർനാമകരണം ചെയ്തു. കഴിഞ്ഞ 29 വർഷങ്ങളായി 100% വിജയമുള്ള ഈ സ്ഥാപനം സമൂഹത്തിൽ മികച്ച നിലയിലുള്ള ഒട്ടനവധി വിദ്യാർത്ഥികളെ വാർത്തെടുത്തിട്ടുണ്ട്.



സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെയാണ് ഇത് കാണിക്കുന്നത്. ഈ സ്ഥാപനം തുടങ്ങുന്നതിന് ചാലക ശക്തിയായി പ്രവർത്തിച്ചത് ശ്രീ.എം.പി. ഗംഗാധരൻ (മുൻ മന്ത്രി),ശ്രീമതി. അയിഷകുട്ടി ടീച്ചർ (നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ്),ശ്രീ.എം.എം. കുഞ്ഞാലൻ ഹാജി (ആലംങ്കോട് ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ്), ശ്രീ .പാലോളി മുഹമ്മദ് കുട്ടി (മുൻ മന്ത്രി), ശ്രീ. ഇ.അഹമ്മദ് (മുൻ എം.പി) എന്നിവരാണ്.



2011ൽ ശ്രീ M .A.ബേബി (മുൻ വിദ്യാഭ്യാസമന്ത്രി) തറക്കല്ലിട്ട അക്കാദമിക ബ്ലോക്ക് 2013 ൽ ശ്രീ അബ്ദുറബ്ബ് (വിദ്യാഭ്യാസ മന്ത്രി) ഉദ്ഘാടനം ചെയ്തു. നിലവിൽ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പുതിയ കെട്ടിട നിർമ്മാണം താമസിയാതെ ഉദ്ഘാടനം ചെയ്യപ്പെടും.



8,9,10 ക്ലാസുകളിൽ 2 ഡിവിഷൻ വീതം ആകെ 6 ക്ലാസുകൾ.90 കുട്ടികൾക്കാണ് എട്ടാം ക്ലാസിലേക്ക് പ്രവേശനം.മത്സര പ്രവേശന പരീക്ഷ വഴിയാണ് കുട്ടികളെ തിരഞ്ഞെടുക്കുന്നത്. എട്ടാം ക്ലാസിൽ ഇലക്ട്രിക്കൽ,ഇലക്ട്രോണിക്സ്,ഷീറ്റ് മെറ്റൽ, കാർപെന്ററി മുതലായവയും ഒമ്പതാം ക്ലാസിൽ ഇലക്ട്രോണിക്സ്,ഓട്ടോമൊബൈൽ, വെൽഡിംങ് എന്നീ ട്രേഡുകളും ഉണ്ട്.കൂടാതെ NSQF വിഷയങ്ങളായ ഇലക്ട്രോണിക്സ് എക്യുപ്മെന്റ്സ്,മെയിന്റനൻസ്, ഇലക്ട്രിക്കൽ എക്യുപ്മെന്റ്സ്,മെയിന്റനൻസ്,ഓട്ടോമൊബൈൽ, സോളാർ എനർജി എന്നിയും ഉണ്ട്.







## എഡിറ്റോറിയൽ

സാങ്കേതിക വിദ്യയുടെ നൂതനയുഗത്തിൽ സർഗാത്മകത നശിച്ചിട്ടില്ലെന്ന് ചെറിയ രീതിയിൽ എങ്കിലും തെളിയിക്കാനുള്ള ഉദ്യമത്തിന് തുടക്കം കുറിക്കുകയാണിവിടെ, ഏവരുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് **കലന്ദിക** വായനക്കാർക്കായി സമർപ്പിക്കുന്നു.



**ലിറ്റിൽ കൈറ്റ്സ് ടീം**
**ബാച്ച്-22-25**

# ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | വിദ്യാലയ സാരഥികൾ | 6 |
| 2 | സ്കൂൾ അടിസ്ഥാന വിവരങ്ങൾ | 7 |
| 3 | അക്കാദമിക മികവുകൾ-TECH FEST | 8 |
| 4 | ARTS | 9 |
| 5 | SPORTS | 10 |
| 6 | വിവിധ ക്ലബുകളിലൂടെ | 11 |
| 7 | JRC | 12 |
| 8 | ഹരിത ക്ലബ് | 13 |
| 9 | ROBOTICS CLUB | 14 |
| 10 | ANTI NARCOTIC CLUB | 15 |
| 11 | സർഗ്ഗ സൃഷ്ടികളിലൂടെ- മറുപടിയില്ലാത്ത സുഹൃത്ത് | 16 |
| 12 | ഓർമ്മ ചെപ്പിലെ സൗഹൃദങ്ങൾ | 17 |
| 13 | ഒരു നീർക്കുമിള പോലെ | 18 |
| 14 | മഞ്ഞ് | 20 |
| 15 | ഒരു പകൽ | 21 |
| 16 | പുളിയച്ചാർ | 22 |

# വിദ്യാലയ സാരഥികൾ



സൂപ്രണ്ട് –ശ്രീ. സുരേന്ദ്രൻ വി കെ



എൻജിനീയറിംങ് ഇൻസ്ട്രക്ടർ- ഷംസുദ്ദീൻ കെ



ഫോർമാൻ–ശ്രീമതി .രുഗ്മിണി വി ടി



PTA–വൈസ് പ്രസിഡന്റ്– ശ്രീ. സക്കീർ കൊഴിക്കര

## സ്കൂൾ -അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| **ആകെ കുട്ടികൾ** | 262 |
| **പെൺകുട്ടികൾ** | **27** |
| **ആൺകുട്ടികൾ** | 235 |
| **അധ്യാപകർ** | 26 |
| **അനധ്യാപകർ** | 9 |

# അക്കാദമിക മികവുകൾ

## TECH-FEST

**Tech fest-23-24**

ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ നെടുമങ്ങാട് വച്ച് നടന്ന അഖില കേരള സംസ്ഥാന ടെക് മത്സരത്തിൽ ഓവറോൾ അഞ്ചാം സ്ഥാനം നേടി.

അഞ്ച് On the spot item -ഉം still model,working model എന്നിവയിൽ നാല് കുട്ടികൾക്കുമാണ് മേളയിൽ പങ്കെടുക്കാൻ അവസരമുണ്ടായിരുന്നത്.

**പങ്കെടുത്ത കുട്ടികൾ**

1. Electronics-Rinshal Robert Cheruvathoor -Third A grade
2. Electrical-Adinath K-A grade
3. Carpentry-Adithyan Vijayan
4. Sheet Metal-Ajlan N V -A grade
5. Still model-Albin C B -Second A grade.
6. Still model-Roshan V R-A grade
7. Working model-Mohammed Rinan C A-A grade
8. Working model-Jairome M J-A grade.



# ARTS

ജനുവരി 4 ന് നടന്ന 44 -)മത് അഖിലകേരള സംസ്ഥാന ടെക്നിക്കൽ കലോൽസവത്തിൽ 176 പോയിന്റുമായി കോക്കൂർ GTHS നാലാം സ്ഥാനത്തെത്തി.പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും A Grade നേടാൻ സാധിച്ചു എന്നതിൽ മേളയുടെ കൺവീനറുടെ പ്രവർത്തനം എടുത്തുപറയേണ്ടതായിരുന്നു.ഒപ്പന തുടർച്ചയായി രണ്ടാം വർഷവും A Grade ഓടുകൂടി ഒന്നാമതെത്തി.ഗാനമേളയും A ഗ്രേഡോടുകൂടി ഒന്നാമതെത്തി. വ്യക്തിഗത മൽസരങ്ങളിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തി. ഭൂരിഭാഗം കുട്ടികളും തങ്ങളുടെ മൽസര ഇനങ്ങളിൽA Grade ഓടുകൂടി ഒന്നാമതെത്തി. ഒൻപതാം ക്ലാസിൽ പഠിക്കുന്ന ഫിദ പർവ്വിൻ മികച്ച വ്യക്തിഗത നേട്ടത്തിന് ഉടമയായി.





# SPORTS

January 12 -ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി ക്യാമ്പസിൽ വച്ച് നടന്ന അഖില കേരള സംസ്ഥാന ടെക്നിക്കൽ കായിക മത്സരത്തിൽ സീനിയർ ആൺകുട്ടികളുടെ 4*100 റിലേയിൽമൂന്നാം സ്ഥാനം നേടി.സീനിയർ പെൺ കുട്ടികളുടെ ജാവലിൽ ത്രോയിൽ 9 th -ലെ ദിയ നസ്സി മൂന്നാം സ്ഥാനം നേടി. ജൂനിയർ പെൺ കുട്ടികളുടെ ഷോട്ട്പുട്ടിൽ 8th -ലെ ദേവതീർത്ഥയും മൂന്നാം സ്ഥാനം കരസ്ഥമാക്കി.









# വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളിലൂടെ

**ലിറ്റിൽ കൈറ്റ്സ്**

**2022-ഫെബ്രുവരിയിലാണ് യൂണിറ്റ് സ്കൂളിന് അനുവദിച്ചത് .2022 ജൂൺ 1-ന് പ്രവേശനോത്സവത്തോടൊപ്പം പുതിയ ലിറ്റിൽ കൈറ്റ് യൂണിറ്റ് ഉദ്ഘാടനം ബഹുമാനപ്പെട്ട സ്കൂൾ സൂപ്രണ്ട് .ശ്രീ.സുരേന്ദ്രൻ വി.കെ. നിർവഹിച്ചു. തുടർന്ന് 30-07-2022 ന് തിരഞ്ഞെടുത്ത 40 കുട്ടികൾക്കായി പ്രിലിമിനറി ക്യാമ്പ് സംഘടിപ്പിച്ചു ഗവ.ഹയർസെക്കൻഡറി സ്കൂൾ LK മാസ്റ്റർ ശ്രീ സന്തോഷ് ബാലകൃഷ്ണൻ ക്യാമ്പിന് നേതൃത്വം നല്കി.**

**തുടർന്നുള്ള ദിവസങ്ങളിൽ നടന്ന വിവിധ പ്രോഗ്രാമുകളിൽ LK കിട്ടികൾ പങ്കാളികളായി.സൈബർലോകത്തെ ചതിക്കുഴികളെ കുറിച്ച് രക്ഷിതാക്കളെ ബോധവത്ക്കരിച്ച അമ്മയറിയാൻ, ഇന്റർനെറ്റിന്റെ യഥാർത്ഥ ഉപയോഗം എന്ന വിഷയത്തിൽ നടന്ന സത്യമേവജയതേ,YIPട്രെയിനിംങ്,റോബോട്ടിക്സിന്റെ അനന്ത സാധ്യതകൾ തിരിച്ചറിഞ്ഞ FREEDOM FEST,Digital poster making ,രക്ഷിതാക്കൾക്കായി നടത്തിയ SOFTWARE INSTALLATION CAMP എന്നിവയിലും ഒന്നാം ബാച്ചിലെ കുട്ടികൾക്ക് പങ്കാളിത്തം ലഭിച്ചു. ഈ വർഷം എല്ലാ അംഗങ്ങളും A ഗ്രേഡോടുകൂടി ഒന്നാം ബാച്ച് പടിയിറങ്ങുന്നു.**

**അതെ ലിറ്റിൽ കൈറ്റ്സ് കുതിക്കുകയാണ്-അനന്തമായ ആകാശത്തിലെ ഞെട്ടറ്റ പട്ടം പോലെ.തുടർന്നുള്ള ബാച്ചുകൾക്കും കൂടുതൽ കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ അവസരം ലഭിക്കട്ടെ.**



LK Masters-Sandhyamol.G
Subi K S

# JRC

JRC ക്ലബിന്റെ കിഴിൽ വിപുലമായ പ്രവർത്തനങ്ങളാണ് ഈ വർഷം നടന്നത്.
ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തോടത്തോടനുബന്ധിച്ച് സ്കൂൾ അങ്കണത്തിൽ വൃക്ഷ തൈ നടൽ നടന്നു.
22/07/23 ന് കൽപകഞ്ചേരി ട്രോമ കെയർ യൂണിറ്റ് ട്രെയിനർ ശ്രീ ഷമീർ അലി .പി .യുടെ നേതൃത്വത്തിൽ പ്രഥമ ശുശ്രൂഷ ക്യാമ്പ് സംഘടിപ്പിച്ചു.

11/10/23 ന് ഗതാഗതനിയമങ്ങളെ ക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനായി AMVI പൊന്നാനി ശ്രീ മുഹമ്മദ് അഷ്‌റഫ് സൂർപ്പിൽ സാറിന്റെ കീഴിൽ ക്ലാസ് നടത്തി. എല്ലാ JRC യൂണിറ്റ് അംഗങ്ങളും ക്ലാസിൽ പങ്കാളികളായി.സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും കർമ്മനിരതരായി JRC യും ഉണ്ട്.





# ഹരിത ക്ലബ്

ഈ വർഷം ജൂലൈയിൽ ആണ് ഹരിത ക്ലബ് പ്രവർത്തനം ആരംഭിച്ചത്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ കഴിവു തെളിയിക്കുന്നതിനുള്ള അവസരങ്ങളുമായി മുന്നോട്ടു പോകുന്ന ഇക്കാലത്ത് കാർഷിക രീതികൾ കുട്ടികളെ പരിചയപ്പെടുത്തുക എന്നതായിരുന്നു ക്ലബിന്റെ പ്രധാന രൂപീകരണ ഉദ്ദേശ്യം.ഈ ഉദ്യമ സഫലീകരണത്തിന് പൂർണ്ണ പിന്തുണയുമായി ആലംങ്കോട് കൃഷി ഓഫീസും ഉദ്യോഗസ്ഥരും ചേർന്നപ്പോൾ സ്കൂൾ അങ്കണത്തിൽ പിറന്നത് നല്ല ഒന്നാം തരം വിഷ രഹിത പച്ചക്കറിക്കോട്ടം.



## *ROBOTICS CLUB*

**ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ രൂപീകരിച്ച റോബോട്ടിക്സ് ക്ലബ് വളരെ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് പോയ വർഷത്തിൽ കാഴ്ച വച്ചത്.ലിറ്റിൽ കൈറ്റ് ക്ലബിന്റെ റോബോട്ടിക്സ് കിറ്റിന്റെ സഹായത്തോടെ സ്വന്തമായി 6 ഇലക്ട്രോണിക് വോട്ടിംങ് മെഷീനുകൾ നിർമ്മിക്കുകയും അവ ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുകയും ചെയ്തു.**

**ഇലക്ട്രോണിക്സ് വിഭാഗം അധ്യാപകനായ ശ്രീ.സനീഷിന്റെ നേതൃത്വത്തിലായിരുന്നു നിർമ്മാണം.വിദ്യാർത്ഥികളായ മുഹമ്മദ് റിനാൻ, മുഹമ്മദ് സനൽ, നന്ദഗോപൻ, അനന്തകൃഷ്ണൻ,ഹരിനന്ദ്,ആൽബിൻ,ഫാത്തിമ്മ-സഫ്രിൻ എന്നിവർ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രധാന പങ്കാളികളായി.**



**സ്വന്തമായി നിർമിച്ച വോട്ടുയന്ത്രത്തിൽ വോട്ടുചെയ്ത് കോക്കൂർ ടെക്നിക്കൽ സ്കൂൾ വിദ്യാർഥികൾ**

കോക്കൂർ ടെക്നിക്കൽ സ്കൂൾ തെരഞ്ഞെടുപ്പിനുള്ള വോട്ടു യന്ത്രത്തിന്റെ നിർമാണത്തിൽ പങ്കാളികളായ വിദ്യാർഥികൾ

# ANTI NARCOTIC CLUB



ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 26/06/2023 – തിങ്കളാഴ്ച മൈം,ടാബ്ലോ, സ്കിറ്റ് അവതരണം എന്നിവ സംഘടിപ്പിച്ചു. അതു കൂടാതെ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് 31/07/2023 വേങ്ങര പോലീസ് സ്റ്റേഷനിലെ SI സുരേഷ് സാർ വിപുലമായ ക്ലാസ് നടത്തുകയും കുട്ടികളുമായി സംവദിച്ച് അതിന്റെ ദോഷങ്ങൾ എങ്ങിനെ അവരുടെ ജീവിതത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കി കൊടുത്തു. പിന്നീടുള്ള ദിവസങ്ങളിൽ ലഹരിയുമായി ബന്ധപ്പെട്ട സമൂഹത്തിൽ സംഭവിച്ചിട്ടുള്ള വിപത്തുകൾ അസംബ്ലിയിൽ ബോധ്യപ്പെടുത്തി. അതു പോലെ കുട്ടികളിൽ കണ്ടു വരുന്ന ലഹരി വസ്തുക്കളോടുള്ള പ്രിയം,ന്യൂനതകൾ-എന്നിവ-നേരിട്ട്-ബോധ്യപ്പെടുത്തി.



# സർഗസൃഷ്ടികളിലൂടെ

## മറുപടിയില്ലാത്ത സുഹൃത്ത്



ഓരോ മനുഷ്യന്റെയും ജീവിതത്തിലെ മറുപടിയില്ലാത്ത സുഹൃത്താണ് ഡയറി.സങ്കടമാകട്ടെ സന്തോഷമാകട്ടെ അവനവന്റെ സ്വകാര്യതയുമാണ് ഡയറി.ഒരു ദിവസം  തനിക്ക് നന്നായിരുന്നോ എന്നും  മറിച്ച് ദുഖങ്ങളാണ് സംഭവിച്ചതെങ്കിൽ അക്ഷരംപ്രതി സമാശ്വാസത്തോടെയാണ് ഓരോ മനുഷ്യന്റെയും ദിനംപ്രതിയുള്ള ഡയറി കുറിപ്പ്.

യാത്രാവിവരണവും ഇപ്രകാരം തന്നെ.എഴുത്തിനെ അതിയായി ഇഷ്ടപ്പെടുന്നവർക്ക് ഇത് ഉയരങ്ങളിലേക്കുള്ള പാതയായി മാറിയിട്ടുണ്ട്. ജീവിതകുറിപ്പിന്റെ ഓരോ ഭാഗവും ഓരോ ഭാഗങ്ങളിൽ കുറിച്ച് വെച്ച് വലിയ ലേഖനമായും നോവൽ ആയും മാറിയിട്ടുണ്ട്.

ഓരോരുത്തരുടെയും ഭാഷയേയും എഴുത്തിനേയും വർധിപ്പിക്കാനും ഇത് വഴിയൊരുക്കിയിട്ടുണ്ട്.ഇതിനാൽ തന്നെ എഴുതുന്ന ഓരോ ആൾക്കും ലോകപരിചയവും  മറ്റും ഉണ്ടാകാൻ  പറ്റിയ വഴിയാണ്.പലരുടെയും ജീവിത സാഹചര്യങ്ങളും സത്യങ്ങളും ഇതിനാൽ തന്നെ  തെളിയിക്കപ്പെട്ടിണ്ടുണ്ട്. ഇത്തരം എഴുത്തുകളും തെളിവുകളും മിന്നുന്ന പുതു തലമുറക്ക് വലിയൊരു പ്രചോദനമാണ്.അറിവ് നേടുക,ജീവിതത്തിന്റെ പാത തേടി കണ്ടെത്തുക,ഉയരുക.

**ഫിദ പർവ്വിൻ 9A**

കേൾക്കാൻ ഒരു ചെവി കൊടുക്കാം

# ഓർമ്മച്ചെപ്പിലെ സൗഹൃദങ്ങൾ



ജീവിതത്തിൽ ഏറ്റവും കൂടുതൽ സമ്പാദിച്ചിട്ടുള്ളത് സുഹൃത്തുക്കളെ തന്നെ എന്ന് നിസംശയം പറയാൻ പറ്റും. ജീവിതത്തിൽ വീണു കിട്ടിയ എല്ലാ സൗഹൃദങ്ങളും അതേപടി നിലനിൽക്കുന്നുണ്ടോ എന്ന ചോദ്യത്തിൽ ഇല്ല എന്നും കംഫർട്ട് കിട്ടാത്ത സാഹചര്യത്തിലോ, സ്വാതന്ത്ര്യത്തിൽ കയ്യിട്ടുവാരുന്ന പ്രവണതകളിലോ എനിക്ക് ഞാനായി നിൽക്കാൻ പറ്റാത്ത ഇടങ്ങളിൽ നിന്നും ഇറങ്ങി വന്നിട്ടുണ്ട്.പക്ഷേ പരിചയപ്പെട്ട അന്നുമുതൽ ഇന്നു വരെ എന്നെ ചേർത്തുപിടിക്കുന്ന സൗഹൃദങ്ങൾ,ഞാൻ ചേർന്ന് നിൽക്കുന്ന ഞങ്ങളിടങ്ങൾ.ഒട്ടും ശോഭ പോകാതെ കാത്തുസൂക്ഷിക്കുന്ന ചില മുഖങ്ങൾ അവൻ/ അവൾ ചേർത്തു പിടിക്കാൻ ഓരോ നിമിഷവും മനസ്സുമന്ത്രിക്കുന്ന പോലെ.

ബന്ധങ്ങളുടെ അളവുകോലുകൾ കാലത്തിന്റെ ആധാരത്തിൽ പ്രവചിക്കുക എന്നത് തീർത്തും തെറ്റാണെന്ന് തോന്നുന്നു.കുറഞ്ഞ സമയത്തിനുള്ളിൽ മനസ്സിൽ ഇടംപിടിച്ചു മുന്നേറുന്ന എന്റെ പ്രിയപ്പെട്ട ചില മുഖങ്ങളെ ഓർക്കുമ്പോൾ ബന്ധങ്ങളിലെ ഏറ്റക്കുറച്ചിലുകളിൽ കാലത്തിന് പങ്കില്ലെന്ന് തന്നെ പറയേണ്ടിവരും. എന്റെ മനസ്സിനോട് ചേർന്ന് നിൽക്കുന്ന മനുഷ്യന്മാരെ അന്നും ഇന്നും ഞാൻ ചേർത്തു നിർത്തിയിട്ടുണ്ട്. ഒരു മനുഷ്യനെ മനസ്സിലാക്കി കൂടെ നിൽക്കുന്നതിൽ എത്രത്തോളം വിജയം കൈവരിച്ചു എന്നതുപോലെ അവർക്കിടയിലെ ബന്ധവും മികവേറി നിൽക്കുന്നു.

ദിശ കാണാതെ എന്ത് ചെയ്യണമെന്നറിയാതെ മുന്നിലുള്ള വഴികൾ ഓരോന്നായി കെട്ടിയടയ്ക്കപ്പെട്ടപ്പോൾ തീർത്തും നിസ്സഹായനായി നിന്ന സന്ദർഭങ്ങളിൽ നെഞ്ചോട് അടക്കിപ്പിടിച്ച് നിർത്തുന്ന മനുഷ്യന്മാരെ ഞാൻ എന്റെ ജീവിതത്തിൽ പലവട്ടം കണ്ടിട്ടുണ്ട്. ഏറ്റവും ആവശ്യമായ ഘട്ടങ്ങളിൽ യാതൊന്നും പ്രതീക്ഷിക്കാതെ കൂടെ ചേർന്ന് നിന്ന മനുഷ്യൻമാർ, വാക്കുകൾ കൊണ്ട് ഭംഗി തീർക്കാതെ ഹൃദയത്താൽ ഭംഗി തൂകി നിൽക്കുന്നവർ.

അടഞ്ഞ വാതിലുകൾ തുറക്കപ്പെടുവാൻ കാത്തുനിൽക്കാതെ പുത്തൻ വാതിലുകൾ പണിയാൻ പ്രചോദനം നൽകുന്നവർ, പിന്തിരിഞ്ഞോടാതെ മുന്നോട്ടുള്ള ചവിട്ടുപടികൾ കയറുവാൻ ഊർജ്ജം പകർന്നു നൽകിയവർ, എന്റെ അത്രയും പ്രിയപ്പെട്ടവർ, എന്റെ ജീവിതത്തിലേക്ക് ഓടിക്കയറി അപ്പോഴും ഇപ്പോഴും പ്രിയപ്പെട്ടതായി നിൽക്കുന്ന ചില പ്രിയപ്പെട്ട മുഖങ്ങൾ.

എന്റെ സ്വാതന്ത്ര്യത്തിനുമേൽ കടന്നുകയറാത്ത, എന്നെ ഞാനായി അംഗീകരിക്കുന്ന, എന്നെ ചേർത്തുപിടിച്ചു മുന്നേറുന്ന എന്റെ മധുരമനോഹരമായ മനുഷ്യന്മാരെ,ഞാൻ ഞാനായും നിങ്ങൾ നിങ്ങളായും തുടരുന്ന കാലം വരെ, "എൻ മലർവാടിയിൽ എന്നും വാടാ മലരുകൾ നിങ്ങൾ "

മുഹമ്മദ് ഇർഷാദ്-10A

# ഒരു നീർക്കുമിള പോലെ......



ഒരു നീർക്കുമിള പോലെ കേരളത്തിലെ തെക്കുഭാഗത്ത് മലയന്നൂർ എന്ന ചെറിയ ഗ്രാമത്തിൽ ആയിരുന്നു അജീഷിന്റെയും കുടുംബത്തിന്റെയും താമസം. വളരെ സന്തോഷത്തോടെയാണ് അജീഷും തന്റെ ഒരു മകനും ഭാര്യയും അടങ്ങുന്ന കുടുംബം അവരുടെ ഓരോ ദിവസവും കഴിഞ്ഞു പോയിരുന്നത് അപ്പോഴായിരുന്നു അവരുടെ ഉപജീവനമാർഗമായ കമ്പനിയുടെ തന്നെയുള്ള വീഴ്ച. അതിലൂടെ തനിക്ക് ഒരുപാട് സാമ്പത്തിക ബാധ്യതകൾ വന്നുചേർന്നു. പതിയെ പതിയെ തന്റെ കുടുംബത്തിന്റെ സമാധാനം ഇല്ലാതായി തുടങ്ങി . അപ്പോഴായിരുന്നു അവരുടെ കുടുംബത്തിൽ ആ വില്ലന്റെ വരവ് മദ്യം സാമ്പത്തിക ബാധ്യത കാരണം അയാൾ പതിയെ പതിയെ മദ്യം എന്ന മഹാ ലഹരിയുടെ ഒരു അടിമയായി മാറി മദ്യം എന്ന ലഹരി അവന്റെ ഓരോന്നോരോന്നായി തട്ടിപ്പറിച്ചു തുടങ്ങി മദ്യത്തിനായി അയാൾ തന്റെ ഓരോന്നോരോന്നായി വിറ്റു കളഞ്ഞു തന്റെ ഭാര്യ തൊഴിലുറപ്പിനു പോയി കിട്ടുന്ന പണം കൊണ്ടായിരുന്നു ആ അമ്മയുടെയും മകന്റെയും ജീവിതം മുന്നോട്ടു പോയിരുന്നത്. അയാൾ എന്നും മദ്യപിച്ചുവന്ന് തന്റെ കുടുംബത്തെ ആക്രമിക്കുമായിരുന്നു.



മദ്യം അയാളിനുള്ളിലെ മനുഷ്യനെ ഉറക്കി. അയാളെ ഒരു മൃഗം ആക്കി മാറ്റിയിരിക്കുന്നു. ഈ മദ്യപാനം നിർത്തണം എന്ന് എന്നും ഭാര്യയും മകനും അദ്ദേഹത്തോട് അഭ്യർത്ഥിക്കുമായിരുന്നു.ദയവ് ചെയ്ത് അങ്ങ് ഈ മദ്യപാനം നിർത്തണം എന്ന്.എന്നാൽ ആ ആ വാക്കെന്നും അയാൾ ചെവി കൊണ്ടില്ല. മദ്യം എന്ന ലഹരി അവരുടെ കുടുംബത്തെ തന്നെ തകർത്തു.

ഒരു ദിവസം തന്റെ സ്കൂൾ വിട്ട് വരികയായിരുന്നു അജീഷിന്റെ മകൻ അർജുൻ. അവൻ തന്റെ വിദ്യാഭ്യാസ മേഖലയിൽ വളരെ മുന്നിൽ നിൽക്കുന്ന ആളായിരുന്നു. അങ്ങനെ അവൻ സ്കൂൾ വിട്ട് തന്റെ സുഹൃത്തുക്കൾക്കൊപ്പം വരുമ്പോൾ മദ്യപിച്ച് റോഡ് അരികിൽ ബോധമില്ലാതെ കിടന്ന് ഓരോ പിച്ചും പേയും പറയുന്നുണ്ടായിരുന്നു

അവന്റെ അച്ഛൻ. തന്റെ സുഹൃത്തുക്കൾ എല്ലാം അവനെ നോക്കി കളിയാക്കി .അവന് ആകെ വിഷമം വന്നു. അവൻ ഓടിപ്പോയി തന്റെ അച്ഛനെ എഴുന്നേൽപ്പിച്ച് വീട്ടിലേക്ക് കൊണ്ടുപോയി. അന്ന് രാത്രി തന്റെ അമ്മയും മകനും ഇത് ആലോചിച്ചു കരയുകയായിരുന്നു കരയുകയല്ലാതെ മറ്റൊരു നിവൃത്തി ആ അമ്മയ്ക്കും മകനും ഉണ്ടായിരുന്നില്ല എന്നാൽ പിറ്റേദിവസം എഴുന്നേറ്റ് അജീഷിന് കാണാനുണ്ടായിരുന്നത് വിഷം കഴിച്ചു മരിച്ചു കിടക്കുന്ന തന്റെ മകനെയും ഭാര്യയുമാണ് അയാൾ ആകെ തളർന്നു മദ്യം എന്ന ലഹരി തന്റെ ജീവനെ മാത്രമല്ല തന്റെ ജീവിതത്തെയും കവർന്നെടുത്തിരിക്കുന്നു. തന്റെ അമിതമായ മദ്യപാനം കാരണം തനിക്ക് നഷ്ടപ്പെട്ടിരിക്കുന്നത് തന്റെ മകനെയും ഭാര്യയെയും ആണ്. ഇനി ഒരിക്കലും തനിക്ക് നഷ്ടപ്പെട്ടപോലെ മകനെയോ ഭാര്യയെയും ആണ്. ഇനി ഒരിക്കലും തനിക്ക് നഷ്ടപ്പെട്ടുപോയ ഭാര്യയെയോ മകനെയോ ആരോഗ്യത്തെയോ സമ്പാദ്യത്തെയോ തിരിച്ച് കിട്ടുകയില്ല എന്ന് മനസ്സിലാക്കിയ അയാൾ മദ്യത്തിന്റെ അമിത ഉപയോഗം കാരണം രക്തം ശർദിച്ച് മരിക്കുന്നു.

അതെ മദ്യം നമ്മുടെ ജീവന് മാത്രമല്ല ആപത്ത് സ്നേഹാർദ്രമായ പല ബന്ധങ്ങളെയും അതിന് നിഷ്പ്രയാസം തകർക്കാൻ കഴിയും ഒരിക്കലും ഒരാൾ മദ്യത്തെ തേടി പോകുന്നില്ല തന്റെ സാഹചര്യങ്ങളാണ് അതിനെ തേടി പോകുന്നത്. എന്നാൽ ഒരിക്കലും ഒരു പ്രശ്നത്തിനുള്ള പരിഹാരം ഒരു ലഹരിയും അല്ല ,മാരകമായ പല ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനു മുൻപ് നിങ്ങൾ നിങ്ങളുടെ ജീവിതത്തെയും കുടുംബത്തെയും ചുറ്റുപാടിനെ പറ്റിയും ചിന്തിക്കുക.. ഈ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും വാതക രൂപത്തിലും ഉള്ള മാരകമായ ലഹരിവസ്തുക്കൾക്ക് ബലി കൊടുക്കാനുള്ളതല്ല നമ്മുടെ ജീവിതം ഇതാണ് ഇവിടെ അജീഷിന്റെ കുടുംബത്തിന് പറ്റിയത് ലഹരി ഉൽപ്പന്നങ്ങളുടെ വർദ്ധനവ് കൂടിവരുന്ന ഈ കാലത്ത് ഇവ വാങ്ങുകയോ വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യാതിരിക്കുക ഇതിനപ്പുറം നമുക്ക് ആസ്വദിക്കാനും അനുഭവിക്കാനും ഒരുപാട് കാര്യങ്ങളുണ്ട് എന്ന് ഓർക്കുക ഒരു നീർക്കുമിള പോലെയാണ് നമ്മുടെ ജീവിതം അതിനെ മദ്യം എന്ന ലഹരി ഉപയോഗിച്ച് കുത്തിപ്പൊട്ടിക്കാതിരിക്കുക

ശ്രേയസ് സുനിൽ-8B

# മഞ്ഞ്



മകരമാസ പുലരിയില-
രുണ  കിരണങ്ങളാ
ലിംഗത്താൽ ഇറ്റിറ്റു
വീഴുന്ന ഹിമകണങ്ങൾ

പുൽ തകിടിൽ നാണത്താൽ
കളിയാടിടുന്ന ഹിമം!
രത്ന കല്ലിൽ ശോഭ പോലെ
വെട്ടി തിളങ്ങി കളിയാടിടുന്നു.

ഇളം കാറ്റിൻ മഞ്ഞു തുള്ളി
കളാടിയുലയുന്നതും നോക്കി
അംബര മുറ്റത്തെ മാർത്താണ്ഡൻ
പുഞ്ചിരി തൂകിടുന്ന നേരം

നീഹാരം നാണത്താൽ മന്ദ
സ്മിതത്തോടെ കളിയാടിടുന്ന
താരത്ന ശോഭയിൽ ഉദിച്ചെത്തിയ
രവിതൻ ശോഭയാൽ

മഞ്ഞുത്തുള്ളികൾ ജനനി തൻ
മാറോടു ചേർന്നു മയങ്ങി

**വൈഷ്ണവ് എം സ്-9B**

# ഒരു പകൽ



മഴയുടെ കനം വെയിലിനെ മുക്കികളഞ്ഞിരിക്കുന്നു
അപരിചിതമായ ഈ വഴികൾ –
ആരെയും ഓർത്തിരിക്കാറുണ്ടാവില്ല.
എന്നെയും........

പാതയോരത്തുകൂടി,
നടക്കുമ്പോൾ  ഉള്ളലൂറിയ ഭയമരിക്കുന്നതായും,
കാലുകളുടെ കനം കുറഞ്ഞുവരുന്നതായും തോന്നി.
വഴിക്കച്ചവടം ചെയ്യുന്ന മീൻകാരിയുടെ മണൽ ചുരണ്ട –
മീനുകളെ മറികടന്നു നടന്നു.

തിരക്കുപിടിച്ച നഗരത്തിൻ്റെ മുഖം...
പാഞ്ഞു പോകുന്ന വണ്ടികളുടെ മൂളൽ മാത്രം ചെവിയിലലിഞ്ഞു
വെയിൽ കനത്തിട്ടും നഗരമധ്യത്തിലെ കോവിലെപൂജാരി –
മാത്രം പുറത്തെ വെയിൽത്തുമ്പികളെ നോക്കി
നിസംഗനായി ഇരിപ്പുണ്ടായിരുന്നു.

ഇനിയുമേറെ നടക്കാനുണ്ട്. നഗരത്തിലെ
തിരക്കിലലിഞ്ഞവർക്കെല്ലാം ഒരോ –
ലക്ഷ്യങ്ങളുണ്ടായിരുന്നു.
എനിക്കൊഴികെ.....

ഞാനെൻ്റെ "ഒരു പകലിൽ " നിന്നുള്ള മോചന–
ത്തിനാണ് ആൾക്കൂട്ടത്തിൽ ഒരാളായി മാറിയത്

ഭവ്യ . എസ്
അധ്യാപിക

# പുളിയച്ചാർ



ഭാര്യ പരീക്ഷയെഴുതുകയാണ്,
ഈ റോഡ് നേരെപ്പോയാൽ ആമക്കാവാണ്, പണ്ട്,
കൊറോണാക്കാലങ്ങൾക്ക് മുമ്പ്, പതിവായി പൂരം കാണാൻ വന്നിടം.
വണ്ടി പാർക്ക് ചെയ്യാൻ പറ്റിയ സ്ഥലം നോക്കി റോഡിലൂടെ നടന്നപ്പോഴാണ് ചെറിയൊരു കട ശ്രദ്ധയിൽ പെട്ടത്, കേറി നോക്ക്യപ്പോ അവിടെരിപ്പുണ്ട് പുളിയച്ചാർ, പെട്ടന്ന് ചെട്ടിയാരെ ഓർമ്മ വന്നു;



കുട്ടൻ ചെട്ടിയാർ; പക്ഷെ എൽ.പി സ്കൂളിലെ കുട്ടികൾ മുതൽ ഞങ്ങൾ യുപ്പീലെ കുട്ടികൾ വരെ അദ്ദേഹത്തെ ചെട്ടിയാരേന്നാണ് വിളിച്ചിരുന്നത്.
പ്രായം നോക്കി ചേട്ടാന്ന് വിളിക്കണമെന്ന് പോലും ഓർക്കാത്ത നിഷ്കളങ്ക ബാല്യം.

ആമയൂർ സ്കൂളിൻ്റെ കഞ്ഞിപ്പുരയുടെ പുറകിലായി റോഡു സൈഡിലായിരുന്നു ചെട്ടിയാരുടെ പെട്ടിക്കട, മരപ്പലകകൾ കൂട്ടിയടിച്ചുണ്ടാക്കിയ കടയുടെ രണ്ടു പ്രധാന താങ്ങുകൾ സ്കൂൾ മതിലിലായിരുന്നു. അതോണ്ടന്നെ സ്കൂൾ മതിലിനകത്തൂന്നും പുറത്തൂന്നും ഒരേ സമയം കുട്ട്യോൾക്ക് മിഠായി വാങ്ങാർന്നു.

കടിച്ചാൽ പൊട്ടാത്ത ഇടിമിഠായി, നീലക്കവറുള്ള ജോക്കര മിഠായി (ജോക്കർ), പഞ്ഞി മിഠായി, സിഗരറ്റ് മിഠായി, ഷർട്ടിൻ്റെ ബട്ടൻസിൻ്റെ ആകൃതിയിൽ നൂലു കോർത്തുവന്ന പമ്പര മിഠായി,ശക്തിമാൻ മിഠായി, കടിച്ചാൽ ടാറു പോലെ പല്ലിലൊട്ടുന്ന കടിച്ചാപറിച്ചി മിഠായി, കാരക്ക മിഠായി, നെല്ലിക്ക അച്ചാർ, മാങ്ങാ അച്ചാർ, ബീറ്റ്റൂട്ട് അച്ചാർ അങ്ങിനെ അങ്ങനെ കൊറേ

സാധനങ്ങൾ തിങ്ങിനിറഞ്ഞ വർണ്ണങ്ങളടേം രുചീടേം മേളമായിരുന്നു ചെട്ട്യാരടെ കട.
,പക്ഷെ എനിക്കിഷ്ടം പുളിയച്ചാറായിരുന്നു!!!

ചെട്ടിയാര് വികലാംഗനായിരുന്നു; അങ്ങനെ പറയുന്നേല് ഒരഭംങ്ങിണ്ട് ലെ, ഭിന്നശേഷിക്കാരനായിരുന്നു.
കാലുകൾ വളരെ ശോഷിച്ചതും ഒന്ന് നീളം കുറവുള്ളതുമായിരുന്നു, മുഷിഞ്ഞ വളരെ ലൂസായ ഷർട്ടിൻ്റെ രണ്ടോ മൂന്നോ കുടുക്കുകൾ ശോഷിച്ച, എല്ലുന്തിയ ഇടതു നെഞ്ച് കാണുമാറ് തുറന്നിട്ടിരിക്കും, പോക്കറ്റിലെ നോട്ടുകെട്ടുകളും, ബീഡീം തീപ്പട്ടീം അഴിഞ്ഞുകിടക്കുന്ന പാതിഷർട്ടിന്റെ ഭാരം കൂട്ടും. പഴകിത്തുളവീണ കള്ളിമുണ്ട് എപ്പോഴും മുട്ടിനു മുകളിൽ മടക്കിക്കുത്തിയിരിക്കും, വായിൽ മുറുക്കാൻ നിറഞ്ഞിരിക്കും, വീതി കുറഞ്ഞ ലെൻസുള്ള കണ്ണട സദാ മുഖത്തുണ്ടെങ്കിലും നോട്ടം പൈസ എണ്ണുമ്പോളൊഴികെ കണ്ണടക്കും പുരികത്തിനും ഇടയിലൂടെയാകും.

ചെട്ട്യാരേ ഒരു കർത്തച്ചാറ്....
പുളിയച്ചാറിന് ശെരിക്കും കർത്തച്ചാറ് ന്നാ ഞങ്ങൾ പറഞ്ഞേർന്ന്, വല്ല്യ ക്ലാസിലെത്ത്യ പ്ലാണ് പുളിയച്ചാറായത്, പ്ലാസ്റ്റിക്ക് കവറ് തുറക്കുമ്പളേ നല്ലൊരു മണണ്ടാവും, ഒരു പാക്കറ്റ് രണ്ടാള് ചേർന്നൊക്കെ കഴിക്കും, ചൂണ്ട് വിരല് പാക്കറ്റിലേക്കിറക്കി ഒരു കറക്ക് കറക്കി പുറത്തെടുക്കും,
ഉപ്പല്ലടിയ വിരലുകൾ പ്ലാസ്റ്റിക്ക് കവറിൽ കുട്ടിമുട്ടും, എടുത്തത് കുറഞ്ഞു പോയ ആൾ കവർ നക്കിത്തുടക്കും!

മിഠായീം അച്ചാറും വാങ്ങാള്ള പൈസെന്നും വീട്ടീന്ന് കിട്ട്യേർന്നില്ല. അയ്യപ്പൻ കോൺട്രാക്ടർ വരും; ഷിജീടെ അച്ചനെ അങ്ങനേണ് നാട്ടുകാര് മുഴുവൻ വിളിച്ചേർന്ന്. ബൈക്കിലാണ് വരാ, ഞങ്ങളെല്ലാം ചുറ്റും കൂടും, അഞ്ചിൻ്റേയോ പത്തിനേറെയോ നോട്ട് എടുത്ത് അവൻ്റേല് കൊടുത്തിട്ട് പറയും,

"ഡാ ചെക്കന്മാർക്കൊക്കെ വേടിച്ചൊടുക്കണം ട്ടൊ."

ആഴ്ച്ചയിലൊരിക്കൽ അമ്പതു പൈസയോ ഒരു രൂപയോ മിഠായി വാങ്ങിക്കാൻ കിട്ട്യേർന്ന നമ്മൾക്കന്ന് പെരുന്നാളായിരിക്കും. '

പലപ്പോഴായി
റോഡിലേക്ക് ചായ്ഞ്ഞു നിക്കാറുള്ള കശുമാങ്ങകൾ കല്ലേറ് കൊണ്ടു വീഴും. പിന്നവിടെ രണ്ട് മാജിക്ക് നടക്കും,
ഒന്ന്
ഉപ്പുകൂട്ടിയ കശുമാങ്ങക്കറ രുചി വായിലും

രണ്ട്

കശുവണ്ടി ചില്ലറപ്പൈസയാകുന്ന മാജിക്ക് അബൂക്കാൻ്റെ പീടികേലും...

അബൂക്ക തൊറക്കാത്തൊരീസം കശുവണ്ടി മോഷണക്കൂട്ടുകാരൻ ചെട്ട്യാരുമായി നേരിട്ടു ഡീലു നടത്തി, പക്ഷെ കശുവണ്ടി കള്ളക്കടത്തിലുള്ള ഞങ്ങടെ ഭാവി പതിവായി മതിലരികിൽ വന്നു പുഞ്ചിരിച്ചു നിക്കുന്നതിലൂടെ കശുമാവുടമ  തകർത്തു.

ഒരു നീളൻ വടിയുണ്ടായിരുന്നു ചെട്ട്യാരുടെ കയ്യിൽ,
ഇൻറർവെല്ലായാൽ കടേൽ ആകെ ബഹളാണ്,
ചെട്ട്യാരേ ഇടിമിഠായി,...
ചെട്ട്യാരേ കാരക്ക,...
ചെട്ട്യാരേ ജോക്കര,...
ചെട്ട്യാരേ അച്ചാറ്,....
ഇതിനിടയിൽ ചില വിരുതന്മാർ കട്ടെടുത്തോടും അവരുടെ കയ്യിലിട്ടു കൊട്ടാനും പിന്നെ കുത്തി നടക്കാനുമായിരുന്നു  കാലങ്ങളുടെ തഴമ്പു കൊണ്ട് മിനുസപ്പെട്ട ആ  വടി.

പിന്നീടെന്നോ വത്സല ടീച്ചറാണെന്നു തോന്നുന്നു പറഞ്ഞത് അദ്ദേഹത്തിൻ്റെ പേര് കുട്ടൻ എന്നാണ് ചെട്ട്യാര്ന്ന്ള്ളത് ജാതിപ്പേരാണ്...
അന്നു ഇൻ്ററർവെല്ലിന്നു ബെല്ലടിച്ചപ്പോൾ വേഗം ഓടി, തിരക്കാകും മുമ്പേ പീടികേലെത്തി,
"കുട്ടേട്ടാ ഒരു കർത്തച്ചാറ്... " '
അലക്ഷ്യമായി ഓടി നടക്കാറുള്ള കണ്ണുകൾ ഒരു നിമിഷം സ്തബ്ദമായി കട്ടിയുള്ള ലെൻസുകൾക്കപ്പുറം തിളങ്ങി, അവജ്ഞമായ മുറുക്കാൻ

കറപിടിച്ച ചുണ്ടുകളിൽ ഒരു  പുഞ്ചിരി പടർന്നു...

പരീക്ഷയവസാനിക്കാൻ  5 മിനിറ്റുമുൻപുള്ള ബെല്ലാണ് ഉണർത്തിയത്,
മഴ ചാറാൻ തുടങ്ങിയിരുന്നു, വണ്ടീന്ന് കൊടേം എടുത്ത് സ്കൂൾ ഗേറ്റിലേക്കു നടക്കവെ ഷിജീനെ വിളിച്ചു...
"ഡാ മ്മടെ കുട്ടേട്ടൻ ഇണ്ടാർന്നില്ലേ ആമയൂർ സ്കൂളിലെ..."
പൂർത്തിയാക്കണേന് മുമ്പെ അവൻ പറഞ്ഞു.
" അങ്ങേര് മൂന്നാല്  വർഷം മുമ്പ പോയണ്ണടാ"

പരീക്ഷയവസാനിച്ച ബെല്ലടിച്ചു,
മഴ ചാറുന്നുണ്ട്...

പ്രിയ കുട്ടേട്ടാ,
ഇന്നീ പുളിയച്ചാറിന്റെ മാധുര്യത്തിൽ,
ലഹരിവിളമ്പുന്ന സ്കൂൾ വഴിയോരക്കടകളുടെ ഈ കാലഘട്ടത്തിൽ,
ഈ ലോകത്തു നിന്നും
ഞാൻ നിങ്ങളെ ഓർക്കുന്നു...
നൻമയുടെ സ്നേഹമാധുര്യം
വിളമ്പിയതിന്,
ഞാനോർക്കുന്നു...

**സനീഷ് കെ പി**
**അധ്യാപകൻ**







വിഷ്ണുപ്രസാദ് പി എം-8A

# പോയ വർഷത്തിലൂടെ




ഗവ.ടെക്നിക്കൽ ഹൈസ്കൂൾ കോക്കൂർ
(ഇംഗ്ലീഷ് മീഡിയം)
2024 – 25 വർഷത്തെ 8–ാം ക്ലാസ്സിലേക്കുള്ള
പ്രവേശനം ആരംഭിച്ചിരിക്കുന്നു
പൊതു വിദ്യാഭ്യാസത്തോടൊപ്പം എട്ടാം ക്ലാസ്സ് മുതൽ എൻജിനീയറിങ് പഠിക്കാം
BASIC TRADES
1. ഇലക്ട്രിക്കൽ
2. കാർപെന്ററി
3. ഷീറ്റ് മെറ്റൽ
4. ഫിറ്റിങ്
LITTLE KITES
1. മൾട്ടി മീഡിയ & ആനിമേഷൻ
2. റോബോട്ടിക്സ് & കോഡിങ്
3. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
THS TRADES
1. ഇലക്ട്രോണിക്സ്
2. ഓട്ടോമൊബൈൽ
3. വെൽഡിങ്
ഏഴാം ക്ലാസ്സ് പൂർത്തിയാക്കിയ ഇംഗ്ലീഷ് /മലയാള മീഡിയം പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്.
എല്ലാ വർഷവും THSLC പരീക്ഷയിൽ 100 % വിജയം
മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഗുണനിലവാരമുള്ള വിദ്യാഭ്യാസം
സ്കൂൾ തല മത്സരത്തിൽ നിന്നും നേരിട്ട് ആർട്സ്, സ്പോർട്സ്, ടെക്ഫെസ്റ്റ് സംസ്ഥാന തല മത്സരത്തിലേക്ക് അവസരം
സ്മാർട്ട് ക്ലാസ്സ് റൂം, ഓൺലൈൻ ക്ലാസ്സ് റൂം, ലൈബ്രറി സൗകര്യങ്ങൾ
For enquiry :
9400006487, 9995820080
Online admission-Polyadmission.org/ths
Admission Whatsapp Group
School Location